# കേരള സർക്കാർ

## വ്യാവസായിക പരിശീലന വകുപ്പ്

### സർക്കാർ ഐ.ടി.ഐ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ്

**കേരള സർക്കാരിന്റെ കീഴിൽ എസ്.സി.വി.റ്റിയുടെ**

**പാഠ്യപദ്ധതി അനുസരിച്ച്**

**പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതി പ്രകാരം**

**അനുവദിച്ച ട്രേഡുകളിൽ**

**2013 ആഗസ്റ്റിലേക്കുള്ള**

**പ്രവേശനത്തിനുള്ളത്**

## ഉള്ളടക്കം

പേജ്


| | | |
|---|---|---|
| 1. | പ്രധാന തീയതികൾ | 3 |
| 2 | കോഴ്സുകളും വിദ്യാഭ്യാസ യോഗ്യതകളും | 4 |
| 3 | പ്രായവും ശാരീരിക യോഗ്യതയും | 4 |
| 4 | പ്രവർത്തന സമയം | 4 |
| 5 | പ്രവേശനവും തെരഞ്ഞെടുപ്പും | 4 |
| 6 | നേറ്റിവിറ്റി/ഡൊമിസയിൽ | 7 |
| 7 | ആവർത്തന പ്രവേശനം | 7 |
| 8 | സംവരണം | 7 |
| 9 | ആനുകൂല്യങ്ങൾ | 10 |
| 10 | നിർബന്ധിത ഹാജർ ശതമാനം | 10 |
| 11 | ട്രേഡ് സർട്ടിഫിക്കറ്റ് | 11 |
| 12 | ഫീസ് | 12 |
| 13 | പരീക്ഷാ ഫീസ് | 12 |
| 14 | അപേക്ഷ സമർപ്പിക്കേണ്ട രീതി | 13 |
| 15 | നിബന്ധന | 13 |
| 16 | അപേക്ഷ സമർപ്പിയ്ക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിവരങ്ങൾ | 14 |
| 17 | അനുബന്ധം 1 :കോഴ്സുകളുടെ വിവരം | 16 |
| 18. | അനുബന്ധം 2 : ഐടിഐകളും ട്രേഡുകളും | 18 |

## കേരള സർക്കാരിന്റെ കീഴിലുള്ള എസ്.സി.വി.റ്റി. പാഠ്യപദ്ധതി അനുസരിച്ച് പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതിപ്രകാരം അനുവദിച്ച ട്രേഡുകളിലേക്കുള്ള 2013 – ആഗസ്റ്റിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ്

എസ്.സി.വി.റ്റി പദ്ധതിയനുസരിച്ച് കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഐ.റ്റി.ഐകളിൽ എൻ.സി.വി.റ്റിയുടെ അഫിലിയേഷൻ ഇല്ലാത്ത ട്രേഡുകളിൽ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേരള സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് എൻ.റ്റി.സി.യ്ക്ക് തുല്യമായ കേരള പി.എസ്.സി അംഗീകരിച്ച എസ്.റ്റി.സി സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**1.പ്രധാന തീയതികൾ**

1. പൂരിപ്പിച്ച അപേക്ഷ ഐ.ടി.ഐ പ്രിൻസിപ്പാളിന് ലഭിക്കേണ്ട അവസാന തീയതി– **31/7/13 5 മണി വരെ**
2. സെലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി **5/8/13**
3. അഡ്മിഷൻ തീയതി **12/8/13 മുതൽ**
4. അഡ്മിഷൻ നടപടികൾ അവസാനിക്കുന്ന തീയതി **31/8/13**

ലിസ്റ്റ്, പ്രവേശനം എന്നിവ സംബന്ധിച്ച് മേൽ പ്രസ്താവിച്ച തീയതികൾക്ക് ഏതെങ്കിലും കാരണവശാൽ മാറ്റം വരുന്നപക്ഷം ആയത് പ്രിൻസിപ്പാൾ നോട്ടീസ്/പത്രപരസ്യം ചെയ്യുന്നതായിരിക്കും. തെരഞ്ഞെടുക്കപ്പെട്ട അപേക്ഷകരുടെ ലിസ്റ്റ് അതാത് ഐ.റ്റി.ഐകളിൽ പ്രസിദ്ധീകരിക്കുകയും ടി വിവരത്തിന് പ്രിൻസിപ്പാൾ നോട്ടീസ്/പത്ര പരസ്യം ചെയ്യുന്നതായിരിക്കും. അപേക്ഷകർക്ക് തെരഞ്ഞെടുക്കപ്പെടുന്ന അതാത് ഐ.ടി.ഐകളിൽ നിന്നും മെമ്മോ കാർഡുകൾ അയക്കുന്നതാണ്. ഇതിലേയ്ക്കായി അപേക്ഷകൻ സ്വന്തം മേൽവിലാസമെഴുതിയ 6/– (ആറ്) രൂപായുടെ സ്റ്റാമ്പ് പതിച്ച പോസ്റ്റുകാർഡ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. മെമ്മോ കാർഡ് ലഭിയ്ക്കാതിരുന്നാൽ അതിന് പ്രിൻസിപ്പാൾ ഉത്തരവാദിയായിരിക്കുന്നതല്ല. അപേക്ഷകർ ഐ.ടി.ഐയിൽ പ്രസിദ്ധീകരിക്കുന്ന ലിസ്റ്റു നോക്കി ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്.

**.2.കോഴ്സുകളും വിദ്യാഭ്യാസ യോഗ്യതകളും**

(എ) പ്രീഡിഗ്രി/പ്ലസ്ടു, എസ്.എസ്.എൽ.സി ജയിച്ചവർക്കും എസ്.എസ്.എൽ.സി തോറ്റവർക്കും തത്തുല്ല്യ യോഗ്യതയുള്ളവർക്കും

തെരഞ്ഞെടുക്കാവുന്ന ട്രേഡുകളാണ് നിലവിൽ ഉള്ളത്. ഇതിൽ അർദ്ധവത്സര/ഏകവത്സര/ദ്വിവത്സര/ത്രിവത്സര കോഴ്സുകളും ഉൾപ്പെടും.

(ബി) പ്രൈവറ്റായി എസ്.എസ്.എൽ.സി എഴുതി തോറ്റവർക്ക് ഐ.ടി.ഐയിൽ പ്രവേശനത്തിന് അർഹതയില്ല.

**3. പ്രായവും ശാരീരിക യോഗ്യതയും**

31.7.2013–ൽ 14 വയസ്സ് തികഞ്ഞിരിക്കേണ്ടതാണ്. ഉയർന്ന പ്രായപരിധിയില്ല. ഡ്രൈവർ കം മെക്കാനിക്കൽ ട്രേഡിൽ പ്രവേശനം നേടുന്നവർക്ക് 18 വയസ്സ് തികഞ്ഞിരിക്കേണ്ടതാണ്. അപേക്ഷകന് നിർദ്ദിഷ്ട ശാരീരിക യോഗ്യത ഉണ്ടായിരിക്കണം.

**4. പ്രവർത്തന സമയം**

എല്ലാ ഐ.ടി.ഐകളും തിങ്കൾ മുതൽ ശനി വരെ രാവിലെ 7 മണി മുതൽ 3 മണി വരെയും 9 മണി മുതൽ 5 മണിവരെയും ഉള്ള രണ്ടു ഷിഫ്റ്റുകളിലായിട്ടാണ് പ്രവർത്തിക്കുന്നത്. ഐ.ടി.ഐകൾ വെക്കേഷൻ ഇല്ലാത്ത തൊഴിൽ പരിശീലന സ്ഥാപനങ്ങളാണ്.

**5 പ്രവേശനവും തെരഞ്ഞെടുപ്പും**

ഓരോ വർഷവും ആഗസ്റ്റ് 1 മുതലാണ് കോഴ്സുകൾ ആരംഭിക്കുന്നത്. മെട്രിക്/നോൺ മെട്രിക് ട്രേഡുകളിലെ പ്രവേശനത്തിനുവേണ്ടി അപേക്ഷകന് മെട്രിക്കുലേഷൻ പരീക്ഷയിൽ ലഭിച്ച മാർക്കുകളിൽ ഇംഗ്ലീഷ്, കണക്ക്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾക്ക് (ആകെ 300 മാർക്കിന്) ലഭിച്ച ആകെ മാർക്കിന്റെ അടിസ്ഥാനത്തിൽ മുൻഗണന ലഭിക്കും. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് ഗ്രേസ്മാർക്ക് നൽകുന്നതാണ്. നോൺമെട്രിക് ട്രേഡിൽ മെട്രിക്കുലേഷൻ പാസ്സായവർക്ക് 20 മാർക്കും, മെട്രിക് ട്രേഡിൽ പ്രീഡിഗ്രി/പ്ലസ്ടു/വി.എച്ച്.എസ്.സി/തത്തുല്യയോഗ്യത ഉള്ളവർക്ക് 20 മാർക്കും ഗ്രേസ് മാർക്കായി ലഭിക്കുന്നതാണ്. പ്രീഡിഗ്രി/പ്ലസ്ടു അടിസ്ഥാന യോഗ്യതയുള്ള ട്രേഡുകളിലേക്ക് പ്രീഡിഗ്രി/പ്ലസ്ടു മാർക്കിന്റെ ശതമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനത്തിനുള്ള അർഹത നിശ്ചയിക്കുന്നത്.

സി.ഒ.പി.എ/ഡി.റ്റി.പി.ഒ/ഫ്രണ്ട് ആഫീസ് അസിസ്റ്റന്റ് എന്നീ കമ്പ്യൂട്ടർ ട്രേഡുകളിൽ അപേക്ഷിക്കുന്ന കുട്ടികൾക്ക് ബി.എ/ബി.എസ്.സി/ബികോം അധിക

യോഗ്യതയുള്ള പക്ഷം ആയതിന് ഇൻഡക്സ് മാർക്കിനോടൊപ്പം പത്ത് മാർക്ക് ഗ്രേസ് മാർക്ക് നൽകുന്നതാണ്.

സ്റ്റെനോഗ്രാഫി(ഇംഗ്ലീഷ്/ ഹിന്ദി), സെക്രട്ടേറിയൽ പ്രാക്ടീസ് എന്നീ ട്രേഡുകൾക്ക് അപേക്ഷിക്കുന്ന കുട്ടികൾക്ക് ഉയർന്ന യോഗ്യത എം.എ/എം.എസ്.സി/എംകോം ഉള്ള പക്ഷം ആയതിന് 10 മാർക്കും ബി.എ./ബി.എസ്.സി/ബികോം അധിക യോഗ്യതയുള്ളപക്ഷം ആയതിന് ഫസ്റ്റ് ക്ലാസിന് 7 മാർക്കും സെക്കന്റ് ക്ലാസിന് 5 മാർക്കും തേർഡ് ക്ലാസിന് 3 മാർക്കും ഇൻഡക്സ് മാർക്കിനോടൊപ്പം ഗ്രേസ് മാർക്കായി നൽകുന്നതാണ്.

സംസ്ഥാനത്തെ സ്കൂൾ യുവജനോത്സവങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടിയവർക്ക് മെട്രിക്, നോൺ മെട്രിക് ട്രേഡുകളിൽ പ്രവേശനത്തിന് പരിഗണിക്കപ്പെടുന്ന വിഷയങ്ങളുടെ ആകെ (മാക്സിമം) മാർക്കിന്റെ യഥാക്രമം 10%, 5% കൂടെ ചേർത്ത് ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്നതാണ്. പ്രീഡിഗ്രി/ പ്ലസ്ടു അടിസ്ഥാന യോഗ്യതയുള്ള ട്രേഡുകളിൽ ലഭിച്ച മാർക്കിന്റെ ശതമാനം നിർണ്ണയിച്ച ശേഷം 10 മാർക്ക് / 5 മാർക്ക് ബോണസ് മാർക്കായി കൂട്ടി ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്നതാണ്.

എൻ.സി.സി.യിൽ പരിശീലനത്തിനുശേഷം എ/ബി/സി സർട്ടിഫിക്കറ്റ് നേടിയവർക്ക് ബോണസ് മാർക്കിന് അർഹതയുണ്ട് (എ–5 മാർക്ക്, ബി–7 മാർക്ക് സി–10 മാർക്ക്)

**5(എ)** എസ്.എസ്.എൽ.സിയ്ക്ക് ഗ്രേഡിംഗ് സംവിധാനം നിലവിൽ വന്നതിനു ശേഷം ലഭിയ്ക്കുന്ന മാർക്ക് ലിസ്റ്റ് അനുസരിച്ച് ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്ന രീതി ചുവടെ ചേർക്കുന്നു. 2005 വർഷത്തെ മാർക്ക് ലിസ്റ്റിൽ കണ്ടിന്യൂയിംഗ് ഇവാല്യൂവേഷൻ ഉള്ള മാർക്കും (10) തിയറിയ്ക്ക് ഉള്ള മാർക്കും (50) ഗ്രേഡിനൊപ്പം കാണിച്ചിരിക്കുന്നു. ഇത്തരം മാർക്ക് ലിസ്റ്റിന് അനുവദിക്കപ്പെടുന്ന ഇൻഡക്സ് മാർക്ക് ചുവടെ കുറിച്ചിരിക്കുന്ന തരത്തിൽ കണക്കാക്കുന്നു. ആകെ ഇംഗ്ലീഷ്-I, ഇംഗ്ലീഷ്-II , ഫിസിക്സ്, കെമസ്ട്രി,മാത്തമാറ്റിക്സ്–I മാത്തമാറ്റിക്സ്–II എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്ക്, 300 മാർക്കിലേയ്ക്ക് ചുവടെ കുറിയ്ക്കുന്ന ഫോർമുല അനുസരിച്ച് മാറ്റുന്നു.

$$\frac{\text{6 വിഷയത്തിന് ലഭിച്ച മാർക്ക് X 300}}{360}$$

ഇതോടൊപ്പം അനുവദനീയമായ ഗ്രേസ് മാർക്ക് കൂടി കൂട്ടുന്നു.

**5(ബി)** 2006-നു ശേഷമുള്ള എസ്.എസ്.എൽ.സിയുടെ മാർക്ക് ലിസ്റ്റ് അനുസരിച്ച് ഇൻഡക്സ് മാർക്ക് കണക്കാക്കുന്ന രീതി ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| A+ | 90-ന് മുകളിൽ | 95 മാർക്ക് |
| A | 80-89 | 85 മാർക്ക് |
| B+ | 70-79 | 75 മാർക്ക് |
| B | 60-69 | 65 മാർക്ക് |
| C+ | 50-59 | 55 മാർക്ക് |
| C | 40-49 | 45 മാർക്ക് |
| D+ | 30-39 | 35 മാർക്ക് |
| D | 20-29 | 25 മാർക്ക് |
| E | 20-ന് താഴെ | 15 മാർക്ക് |

ആകെ ഇംഗ്ലീഷ്-I, ഇംഗ്ലീഷ്-II , ഫിസിക്സ്, കെമസ്ട്രി, മാത്തമാറ്റിക്സ്-I മാത്തമാറ്റിക്സ്-II എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്കും (300-ൽ)അർഹതപ്പെട്ട ഗ്രേസ് മാർക്കും അനുവദിയ്ക്കുന്നു.

**5(സി)** സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ സ്കീമിൽ പാസ്സായവർക്ക് ലഭിച്ച മാർക്കുകളിൽ ഇംഗ്ലീഷ്, കണക്ക്, സയൻസ് വിഷയങ്ങൾക്ക് ലഭിച്ച ആകെ മാർക്കിന്റെ (300-ൽ) അടിസ്ഥാനത്തിലാണ് മുൻഗണന ലഭിക്കുന്നത്.

**5(ഡി)** നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓപ്പൺ സ്കൂളിംഗ് നൽകുന്ന സർട്ടിഫിക്കറ്റ് നേടിയവർക്ക് ഇംഗ്ലീഷ് (Code 202), സയൻസ് (തിയറി & പ്രാക്ടിക്കൽ) (Code 212), കണക്ക് (Code 211) എന്നീ വിഷയങ്ങൾക്ക് ഓരോന്നിനും 100 മാർക്കിൽ ലഭിച്ച മാർക്ക് എടുത്ത് ഇൻഡക്സ് മാർക്ക് തയ്യാറാക്കുന്നതാണ്. ഇംഗ്ലീഷ് വിഷയത്തിന്റെ മാർക്ക് ലഭ്യമാണെങ്കിൽ ഇംഗ്ലീഷിന്റെ മാർക്കും ആയത് ലഭ്യമല്ലാ എങ്കിൽ പ്രാദേശിക ഭാഷകൾക്ക് ലഭിച്ച കൂടുതൽ മാർക്കും ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിനായി പരിഗണിക്കുന്നതാണ്.

**6. നേറ്റിവിറ്റി/ഡൊമിസെയിൽ (5 വർഷം) സർട്ടിഫിക്കറ്റ്**

കേരളത്തിൽ സ്ഥിരതാമസമുള്ളവർക്ക് മാത്രമേ ഈ സംസ്ഥാനത്തെ ഐ.ടി.ഐകളിൽ പ്രവേശനമുള്ളൂ. നിലവിലുള്ള സർക്കാർ നിർദ്ദേശമനുസരിച്ച് മലപ്പുറം, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നിന്നുള്ള അപേക്ഷ കർക്കും കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, പത്തനംതിട്ട എന്നീ ജില്ലകളിലെ താഴെ പറയുന്ന ബ്ലോക്കുകളിൽ നിന്നും ഉള്ള അപേക്ഷകർക്ക് 10 മാർക്ക് ഗ്രേസ് മാർക്കായി ലഭിക്കുന്നതാണ്. (സ.ഉ.(ആർ.ടി) 1548/80/എൽ.ബി.ആർ തീയതി: 13.11.80, സർക്കാർ കത്ത് നമ്പർ 36730/ഡി3/96 എൽ.ബി.ആർ തീയതി: 8.4.97)

| ക്രമ നമ്പർ | ബ്ലോക്ക് | ജില്ല |
|---|---|---|
| 1. | കണ്ണൂർ | കണ്ണൂർ |
| 2. | തലശ്ശേരി | കണ്ണൂർ |
| 3. | വടകര | കോഴിക്കോട് |
| 4. | കൊയിലാണ്ടി | കോഴിക്കോട് |
| 5. | കോഴിക്കോട് | കോഴിക്കോട് |
| 6. | ഒറ്റപ്പാലം | പാലക്കാട് |
| 7. | മണ്ണാർക്കാട് | പാലക്കാട് |
| 8. | ചാവക്കാട് | തൃശ്ശൂർ |
| 9. | കൊടുങ്ങല്ലൂർ | തൃശ്ശൂർ |
| 10. | പത്തനംതിട്ട | പത്തനംതിട്ട |

ഇതിനായി ബ്ലോക്കിന്റെ പേര് രേഖപ്പെടുത്തിയ നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കണം.

**7. ആവർത്തന പ്രവേശനം**

ഇതിന് മുമ്പ് എപ്പോഴെങ്കിലും ഏതെങ്കിലും ഐ.ടി.ഐയിൽ പഠിച്ചിട്ടുള്ളവർക്ക് വീണ്ടും ഐ.ടി.ഐ പ്രവേശനം ലഭിക്കുന്നതല്ല. ഇത്തരത്തിൽ തെറ്റായ രേഖകൾ സമർപ്പിച്ച് പ്രവേശനം നേടുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

**8. സംവരണം**

8 (എ) സംവരണക്രമ പ്രകാരം അനുവദിച്ചിട്ടുള്ള സീറ്റുകൾ

ട്രെയിനിംഗ് മാനുവലിന്റെ വ്യവസ്ഥ പ്രകാരവും, സർക്കാർ ഉത്തരവ് (എം.എസ്) 46/77എൽ.ബി.ആർ തീയതി: 28.6.77 എന്ന ഉത്തരവുപ്രകാരവും നിശ്ചിത സീറ്റുകൾ താഴെപ്പറയുന്നവർക്കായി സംവരണം ചെയ്തിട്ടുണ്ട്.

1. പട്ടികജാതി 8%
2. പട്ടികവർഗ്ഗം 2%
3. ഈഴവർ 9%
4. മുസ്ലീം 8%
5. മറ്റ് പിന്നോക്ക ഹിന്ദുക്കൾ 5%
6. ലത്തീൻ കത്തോലിക്കർ 2%
7. മറ്റ് പിന്നോക്ക ക്രിസ്ത്യാനികൾ (മതപരിവർത്തനം ചെയ്ത പട്ടികജാതി/പട്ടികവർഗത്തിൽപ്പെട്ടവർ, എസ്.ഐ.യു.സി നാടാർ) – 1%
(സർക്കാർ ഉത്തരവ് (എം.എസ്) 118/95 എൽ.ബി.ആർ തീയതി 27.11.95)
8. ജവാൻ കാറ്റഗറി– ആകെ 15% താഴെ പറയുന്ന ക്രമ പ്രകാരം

(എ)മരണപ്പെട്ട/അംഗഭംഗം സംഭവിച്ച, സമാധാനകാലത്ത് കൊല്ലപ്പെട്ട/അംഗഭംഗം സംഭവിച്ച ഭടൻമാരുടെ/വിമുക്തഭടൻമാരുടെ സന്താനങ്ങൾ

(ബി) വിമുക്തഭടൻമാരുടെ സന്താനങ്ങൾ

(സി) സേവനത്തിലുള്ള ജവാന്മാരുടെ സന്താനങ്ങൾ

(ഡി) സേവനത്തിലുള്ള ആഫീസർമാരുടെ സന്താനങ്ങൾ

(ഇ) വിമുക്ത ഭടൻമാർ

ആകെ 15% [സ.ഉ.(എം.എസ്) 46/77 എൽ.ബി.ആർ. തീയതി: 28–6–77]

8 (ബി) സംവരണക്രമത്തിനുപരിയായി അനുവദിച്ചിട്ടുള്ള സീറ്റുകൾ

(i) ബർമ്മ/ശ്രീലങ്ക എന്നിവിടങ്ങളിൽ നിന്ന് 1.6.1963ലോ അതിന് ശേഷമോ പുറത്താക്കപ്പെട്ടവർ/അവരുടെ സന്താനങ്ങൾ/ഉഗാണ്ടയിൽ നിന്ന് പുറത്താക്കപ്പെട്ടവർ/അവരുടെ സന്താനങ്ങൾ – പരമാവധി 5 സീറ്റ് (ഓരോ ഐ.ടി.ഐയിലും)

(ii) പ്രസിഡന്റിന്റെ ബാഡ്ജ് ലഭിച്ചിട്ടുള്ള സ്കൗട്ടുകൾ/ഗൈഡുകൾ– 1 സീറ്റ് (ഓരോ ഐ.ടി.ഐയിലും)

(iii) അംഗീകൃത അനാഥാലയത്തിലെ അന്തേവാസികൾ 5 സീറ്റ്(ഓരോ ഐ.ടി.ഐയിലും)

(iv). ടെക്നിക്കൽ ഹൈസ്ക്കൂളിൽ പഠിച്ചവർ – മെട്രിക്, നോൺ മെട്രിക് ട്രേഡുകളിലേക്ക് പരമാവധി അനുവദിച്ച സീറ്റിന്റെ 25% / 15 സീറ്റ് വീതം (പരമാവധി 15 സീറ്റ്)

(v). വികലാംഗർ – 3% 1:1:1 എന്ന അനുപാതത്തിൽ (അന്ധർ, ബധിരർ, അംഗവൈകല്യമുള്ളവർ) (സ.ഉ(ആർ.ടി) 2531/04/എൽ.ബി.ആർ തീയതി: 24.09.04)/

(vi)സ്പോർട്സിൽ പ്രാവീണ്യം നേടിയിട്ടുള്ളവർ (ഈ വിഭാഗത്തെ സ്പോർട്സ് കൗൺസിൽ നോമിനേറ്റ് ചെയ്യുന്നതാണ്) – 5 സീറ്റ് (സ.ഉ. (എം.എസ്) 46/77/എൽ.ബി.ആർ തീയതി: 28.6.77)

(സ്പോർട്സ് ക്വാട്ടയിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവർ അപേക്ഷ യുടെ വലതുഭാഗത്തു മുകളിൽ 'സ്പോർട്സ് ക്വാട്ട' എന്നു രേഖപ്പെടുത്തി അതാത് ഐ.ടി.ഐകളിൽ അപേക്ഷ സമർപ്പിക്കേണ്ടതും ഒപ്പം ആയതിന്റെ രണ്ടു പകർപ്പുകൾ ആവശ്യമായ രേഖകൾ സഹിതം സ്പോർട്സ് കൗൺസിലിനു അയച്ചു കൊടുക്കേണ്ട തുമാണ്).

***100% റോസ്റ്റർ സാധ്യമല്ലാത്ത ഐ.ടി.ഐകളിൽ (അതായത് ആകെ സീറ്റ് 100 ൽ താഴെ മാത്രമുള്ള ഐ.ടി.ഐകളിൽ) അനാഥാലയത്തിലെ അന്തേവാസികൾ, ടെക്നിക്കൽ ഹൈസ്ക്കൂളിൽ പഠിച്ചവർ, വികലാംഗർ, സ്പോർട്സിൽ പ്രാവീണ്യം നേടിയവർ എന്നീ വിഭാഗങ്ങളിൽ ഉള്ളവർക്ക് ഓരോ സീറ്റു മാത്രം സംവരണം ചെയ്തിരിക്കുന്നു.***

(vii) ജുവനൈൽ ജസ്റ്റിസ് ഹോമിലെ യോഗ്യരായ അന്തേവാസികൾക്ക് സംസ്ഥാനത്തെ ഐ.ടി.ഐകളിൽ പ്രവേശനത്തിന് ഓരോ ട്രേഡിലും 2 സീറ്റ് സംവരണം ചെയ്തിരിക്കുന്നു. (സ.ഉ(സാധാ)1135/09/തൊഴിൽ, തീയതി:31-07-2009)

(viii) ആംഗ്ലോ ഇന്ത്യൻ- ഒരു സീറ്റ് (ഓരോ ഐ.ടി.ഐയിലും) (സ.ഉ(എം.എസ്) നം.118/95/തൊഴിൽ, തീയതി:27-11-1995)

(ix) ലക്ഷദ്വീപ്, മിനിക്കോയി, ആന്റമാൻ ദ്വീപ് വാസികൾക്ക് – കളമശ്ശേരി, ചാലക്കുടി, മലമ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ ഐ.ടി.ഐകളിൽ 5 സീറ്റു വീതം

(x) ഓരോ ഐ.ടി.ഐയിലേയും എല്ലാ ട്രേഡുകളിലേയും 30% സീറ്റ് സ്ത്രീകൾക്കായി സംവരണം ചെയ്തിരിക്കുന്നു. (ഡി.ജി.ഇ.റ്റി-19(27)/07-സി. ഡി തീയതി:02.06.08) ഇതിൽ മുകളിൽ ചേർത്തിട്ടുള്ള സംവരണ വിഭാഗങ്ങളിൽപ്പെട്ടവരും അടങ്ങുന്നതാണ്. പെൺകുട്ടികളിൽ നിന്നും മതിയായ എണ്ണം അപേക്ഷകരില്ലാത്തപക്ഷം ആൺകുട്ടികളുടെ അപേക്ഷ പരിഗണിക്കുന്നതാണ്.

-------------------------------

11. സാക്ഷരതാ മിഷൻ നടത്തുന്ന ലെവൽ എ സ്റ്റാൻഡേർഡ് 10 തുല്യതാ പരീക്ഷ എസ്.എസ്.എൽ.സി.പരീക്ഷയ്ക്ക് തുല്യമായിരിക്കും (ജി.ഒ.(എം.എസ്)നം.78/2004/ജന.എഡ്യ.തീയതി:09-03-2004).

12. ബധിരരായ (Deaf & Dump) കുട്ടികളുടെ കാര്യത്തിൽ അവർക്ക് ട്രെയിനിംഗ് ലഭിയ്ക്കുന്നതിന് മറ്റു തരത്തിൽ അയോഗ്യതയില്ലെങ്കിൽ ഇൻഡക്സ് മാർക്ക് കണക്കാക്കുന്നതിൽ ഇംഗ്ലീഷിന് പകരമായി തെരഞ്ഞെടുത്ത വിഷയങ്ങളുടെ മാർക്ക് ഇംഗ്ലീഷ് വിഷയത്തിന് തുല്യമായി കണക്കാക്കി ഐ.ടി.ഐ.പ്രവേശനത്തിന് പരിഗണിക്കാവുന്നതാണ്. (സർക്കുലർ നമ്പർ.സി1/17517/2010 തീയതി:26-09-2010)

13. National Institute of Open Schooling നൽകുന്ന Secondary/ Higher Secondary School certificate നിബന്ധനകൾക്ക് വിധേയമായി 12/05/11 ലെ G.O.(Rt)No.1768/2011/G.Edn പ്രകാരം State Board Examination ന് തുല്യമാക്കിയിട്ടുണ്ട്. ടി സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരമുള്ള സർട്ടിഫിക്കറ്റ് നേടിയവർക്കും ഐ.ടി.ഐ പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്. (ഉത്തരവ് നമ്പർ സി1/17190/10 തീയതി 30/07/2012)

**<u>9. ആനുകൂല്യങ്ങൾ</u>**

ഹോസ്റ്റൽ സൗകര്യമുള്ള ഐ.ടി.ഐകളിൽ പ്രവേശനം ലഭിച്ചവരിൽ ദൂരപരിധി കണക്കാക്കി നിശ്ചിത ശതമാനം പരിശീലനാർത്ഥികൾക്ക് താമസ സൗകര്യം നൽകുന്നതാണ്. ഓരോ ഐ.ടി.ഐകളിലെയും sanctioned strength ന്റെ 50% പരിശീലനാർത്ഥികൾക്കും 60 രൂപ വീതം പ്രതിമാസ സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്. രക്ഷകർത്താവിന്റെ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സ്റ്റൈപ്പന്റിന് അർഹരായവരെ തെരഞ്ഞെടുക്കുന്നത്. പരിശീലനാർത്ഥി മാതാപിതാക്കളുടെയോ നിയമാനുസൃതമുള്ള രക്ഷകർത്താവിന്റെയോ വരുമാന സർട്ടിഫിക്കറ്റ് റവന്യൂ

അധികാരികളെകൊണ്ട് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട പ്രിൻസിപ്പാളിന് അദ്ദേഹം അറിയിക്കുന്ന തീയതിക്ക് നൽകേണ്ടതാണ്. അർഹരായുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് ബന്ധപ്പെട്ട വെൽഫയർ ഡിപ്പാർട്ടുമെന്റിൽ നിന്നും സ്റ്റൈപ്പന്റ് നൽകുന്നതാണ്.

**10. ഹാജർ**

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ എല്ലാ ഐ.ടി.ഐകളിലും ഏറ്റുമാനൂർ, കളമശ്ശേരി, ചാലക്കുടി, മലമ്പുഴ എന്നീ ഐ.ടി.ഐകളിലേയും ട്രെയിനികളുടെ ഹാജർ ബയോമെട്രിക് സംവിധാനം ഉപയോഗിച്ച് രേഖപ്പെടുത്തുകയും സൂക്ഷിക്കുകയും ചെയ്യുന്നതാണ്. മറ്റു ജില്ലകളിൽ ഈ സംവിധാനം വരും വർഷങ്ങളിൽ നടപ്പിലാക്കുന്നതാണ്.

**11. നിർബന്ധിത ഹാജർ ശതമാനം**

(എ) എസ്.സി.വി.റ്റി പരീക്ഷയ്ക്ക് ചേരുന്നതിന് പരിശീലനാർത്ഥിയ്ക്ക് നിർബന്ധമായും ഏറ്റവും കുറഞ്ഞത് 80% ഹാജർ ഉണ്ടായിരിക്കണം.

(ബി) പരിശീലനാർത്ഥി മുന്നറിയിപ്പില്ലാതെ 10 പരിശീലന ദിവസങ്ങൾ തുടർച്ചയായി ഹാജരാകാതിരുന്നാൽ അവരെ നിർബന്ധമായും പരിശീലന പദ്ധതിയിൽ നിന്നും പുറത്താക്കുന്നതും ഹാജരാകാതിരുന്ന ആദ്യ ദിവസത്തെ തീയതി മുതൽ മുൻകാല പ്രാബ്യലത്തോടുകൂടി അവരുടെ പേര് രേഖകളിൽ നിന്ന് നീക്കം ചെയ്യുന്നതുമാണ്.

(സി) പരിശീലനാർത്ഥി പകുതിയിൽ കൂടുതൽ പ്രവർത്തി ദിവസങ്ങളിൽ പരിശീലനത്തിന് ഹാജരാകാതിരുന്നാൽ, അതായത് ഹാജർ ശതമാനം 50%ത്തിൽ കുറവായാൽ അവരെ മുന്നറിയിപ്പ് കൂടാതെ പിരിച്ചു വിടുന്നതാണ്. അങ്ങനെ പിരിച്ചുവിടപ്പെട്ട പരിശീലനാർത്ഥിയ്ക്ക് ഏതെങ്കിലും മാർഗ്ഗത്തിൽ പുനഃപ്രവേശനം ലഭിച്ചാലും പിന്നീടവർക്ക് സ്റ്റൈപ്പന്റിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(ഡി) പിരിച്ചുവിട്ട ട്രെയിനിക്ക് ഒരിക്കലും ഐ.ടി.ഐകളിൽ പ്രവേശനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

**12. ട്രേഡ് സർട്ടിഫിക്കറ്റ്**

എസ്.സി.വി.റ്റി കോഴ്സുകൾ, സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന കോഴ്സുകൾ ആണ്.. ഐടിഐകളിലെ എസ്.സിവിറ്റി ട്രേഡുകളിൽ 80%-ൽ കുറയാത്ത ഹാജരരോടുകൂടി പരിശീലനം പൂർത്തിയാക്കി പരീക്ഷ വിജയിക്കുന്നവർക്ക് എസ്.സി.വി.റ്റിയുടെ സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**എൻ.സി.വി.റ്റി.യുടെ നിർദ്ദേശാനുസരണം പുതിയതായി ആരംഭിച്ച ഐ.ടി. ലിറ്ററസി കോഴ്സ് വിജയിച്ചവർക്ക് മാത്രമേ അവർ പഠിക്കുന്ന ട്രേഡിൽ എസ്.സി.വി.റ്റി.യുടെ സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയുള്ളൂ..**

**13. ഫീസ്**

പ്രവേശന സമയത്ത് പരിശീലനാർത്ഥിയും താഴെ പറയുന്ന ഇനത്തിലുള്ള തുകകൾ അടയ്ക്കേണ്ടതാണ്.

| **ഇനം** | **രണ്ട് വർഷ കോഴ്സിന്** | **ഒരു വർഷ/6 മാസ കോഴ്സിന്** |
|---|---|---|
| 1.കോഷൻ ഡെപ്പോസിറ്റ് | 50 രൂപ | 50 രൂപ |
| 2. ജാമ്യനിക്ഷേപം | 75 രൂപ | 50 രൂപ |
| 3. മെയിന്റനൻസ് ഫീസ് | 400 രൂപ | 300 രൂപ |
| 4. സ്പോർട്സ് ഫീസ് | 50 രൂപ | 40 രൂപ |
| 5. മാഗസിൻ ഫീസ് | 10 രൂപ | 10 രൂപ |
| 6. കൗൺസിൽ ഫീസ് | 50 രൂപ | 40 രൂപ |
| ആകെ | **635 രൂപ** | **490 രൂപ** |

**14. പരീക്ഷാ ഫീസ്**

അർദ്ധവത്സര/ഏകവത്സര കോഴ്സുകാർ 40 രൂപയും ദ്വിവത്സര/ത്രിവത്സര കോഴ്സുകാർ 50 രൂപയും പരീക്ഷാ ഫീസ് അടയ്ക്കേണ്ടതാണ്. ഇതിനു പുറമെ സംസ്ഥാന സർക്കാർ അതാതു കാലങ്ങളിൽ നിശ്ചയിക്കുന്ന ഫീസും അടയ്ക്കാൻ പരിശീലിതർ ബാദ്ധ്യസ്ഥരാണ്. പട്ടികജാതി/പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ മെയിന്റനൻസ് ഫീസ് അടയ്ക്കേണ്ടതില്ല. എസ്.സി/എസ്.റ്റി/ഒ.ഇ.സി വിഭാഗം ട്രെയിനികളുടെ മെയിന്റനൻസ് ഫീസ്, പരീക്ഷാ ഫീസ് എന്നിവ ബന്ധപ്പെട്ട എസ്.സി/എസ്.റ്റി വകുപ്പിൽ നിന്നും ഈടാക്കി കണക്കിൽ ചേർക്കുന്നതാണ്. പരിശീലന സമയത്ത് ഏതെങ്കിലും ഉപകരണങ്ങൾക്ക് നാശനഷ്ടം വരുത്തിയാൽ പരിശീലിതരുടെ കോഷൻ ഡെപ്പോസിറ്റിൽ നിന്നും തുക ഈടാക്കുന്നതാണ്. ആദ്യത്തെ ഡെപ്പോസിറ്റ് പോരാതെ വന്നാൽ വീണ്ടും ഡെപ്പോസിറ്റ് അടയ്ക്കാൻ പരിശീലിതർ ബാദ്ധ്യസ്ഥനാണ്. തൃപ്തികരമായി പരിശീലനം പൂർത്തിയാക്കുന്നവർക്കും, പ്രവേശനം ലഭിച്ച് ഒരു മാസത്തിനകം പിരിഞ്ഞു പോകുന്നവർക്കും കോഷൻ ഡെപ്പോസിറ്റ്, ജാമ്യനിക്ഷേപം എന്നിവയിൽ നിന്നും സർക്കാരിന് നൽകേണ്ടതായി ഏതെങ്കിലും ബാദ്ധ്യത തുകയുണ്ടെങ്കിൽ അതു കഴിച്ച് ബാക്കി തുക തിരികെ നൽകുന്നതാണ്. പരിശീലനം പൂർത്തിയാക്കി 3 വർഷത്തിനകം തിരികെ വാങ്ങാത്ത തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതാണ്.

## 15. അപേക്ഷ സമർപ്പിക്കേണ്ട രീതി

എ) അപേക്ഷകൻ ചേരാനുദ്ദേശിക്കുന്ന ട്രേഡിന് ആവശ്യമായ അപേക്ഷാ ഫാറം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന പ്രോസ്പെക്ടസിൽ നിന്നും മനസ്സിലാക്കി പ്രസ്തുത അപേക്ഷാ ഫാറം ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുത്ത് പൂരിപ്പിച്ച് പരിശീലനം ആഗ്രഹിക്കുന്ന ഐ.റ്റി.ഐയിലെ പ്രിൻസിപ്പാളിന് നിശ്ചിത ദിവസത്തിനകം നൽകേണ്ടതാണ്. ഓരോ ഐ.ടി.ഐകളിലും പ്രവേശനം നടത്തുന്ന ട്രേഡുകളുടെ വിവരം വെബ്സൈറ്റിൽ പ്രോസ്പെക്ടസിനോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരാൾക്ക് ഒന്നിൽ കൂടുതൽ ഐ.റ്റി.ഐകളിൽ, വിവിധ ട്രേഡുകളിലേയ്ക്കായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. മെട്രിക് ട്രേഡിനും, നോൺ മെട്രിക് ട്രേഡിനും, പ്ലസ്ടൂ/പ്രീഡിഗ്രി ട്രേഡിനും പ്രത്യേകം പ്രത്യേകം അപേക്ഷാ ഫോറങ്ങൾ ഉപയോഗിക്കണം. പ്ലസ്ടൂ/പ്രീഡിഗ്രി ട്രേഡുകളിൽ സ്റ്റെനോഗ്രാഫി (ഇംഗ്ലീഷ്/ഹിന്ദി), സെക്രട്ടേറിയൽ പ്രാക്ടീസ് എന്നീ ട്രേഡുകൾക്ക് മാത്രമായി പ്രത്യേക ഫാറം ഉപയോഗിക്കണം.

ബി) **<u>അപേക്ഷാ ഫീസ്</u>**

1. അപേക്ഷയോടൊപ്പം 10 രൂപ 0230-00-800- L&E-88- Other Receipt-other items എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടച്ച ചെലാൻ സഹിതം സമർപ്പിക്കേണ്ടതാണ്.

**അല്ലെങ്കിൽ**

2. പ്രിൻസിപ്പാളിന്റെ പേരിൽ എടുത്ത പത്ത് രൂപയുടെ പോസ്റ്റൽ ഓർഡർ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**അല്ലെങ്കിൽ**

3. അപേക്ഷയോടൊപ്പം അപേക്ഷകർക്ക് ഐ.റ്റി.ഐയിൽ നേരിട്ടും അപേക്ഷാ ഫീസ് അടയ്ക്കാവുന്നതാണ്.

**അപേക്ഷകരുടെ സൗകര്യാർത്ഥം എല്ലാ ഐ.ടി.ഐകളിലും ഹെൽപ്പ് ഡെസ്ക് ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഐ.ടി.ഐ പ്രിൻസിപ്പാൾ മാരിൽ നിന്നും അറിയാവുന്നതാണ്.**

## 16. നിബന്ധന

(എ) തെരഞ്ഞെടുക്കപ്പെടുന്നവർ ആ സ്ഥാപനത്തിലെ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായിരിക്കേണ്ടതും തികച്ചും അച്ചടക്കം പാലിക്കേണ്ടതും പരിശീലനോപകരണങ്ങൾക്ക് നാശനഷ്ടം വരുത്താതെ സൂക്ഷിക്കേണ്ടതുമാണ്.

പരിശീലനം പൂർത്തിയാക്കുന്നതിനു മുമ്പ് പിരിഞ്ഞു പോകാൻ പാടില്ലാത്തതും സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കാൻ ബാദ്ധ്യസ്ഥരുമാണ്. അച്ചടക്കലംഘന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതായി ബോദ്ധ്യപ്പെട്ടാൽ മുന്നറിയിപ്പുകൂടാതെ പിരിച്ചു വിടുന്നതിനും പഠനോപ കരണങ്ങൾക്ക് നഷ്ടം വരുത്തിയാൽ ആയതിന്റെ വില ഈടാക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമാണ്.

(ബി) പ്രവേശനം നേടുന്ന ട്രെയിനികൾക്ക്, യൂണിഫോം /വർക്കിംഗ് ഡ്രസ്സ് നിർബന്ധമാണ്.

**17. അപേക്ഷ സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട വിവരങ്ങൾ**

1. അപേക്ഷകൾ അയയ്ക്കുന്ന കവറിന്റെ പുറത്ത് “ഐ.ടി.ഐ പ്രവേശനത്തിനുള്ള (മെട്രിക്ട്രേഡ്/ നോൺമെട്രിക്ട്രേഡ്, പ്ലസ്ടൂ/പ്രീഡിഗ്രി, സ്റ്റെനോഗ്രാഫി ഇംഗ്ലീഷ്/ ഹിന്ദി, സെക്രട്ടേറിയൽ പ്രാക്ടീസ്) അപേക്ഷ” എന്ന് വ്യക്തമായി എഴുതിയിരിക്കണം.
2. പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ പ്രവേശന സമയത്ത് അവസാനം പഠിച്ചിരുന്ന സ്ഥാപനത്തിൽ നിന്നുള്ള റ്റി.സി. ഹാജരാക്കേണ്ടതാണ്.
3. നിശ്ചിത പ്രായപരിധി കഴിഞ്ഞ് എസ്.എസ്.എൽ.സി പരീക്ഷ ജയിച്ച പോളിയോ ഹോമിലെ അപേക്ഷകരെ പ്രവേശന സമയത്ത് വിടുതൽ സർട്ടിഫിക്കറ്റ് നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.
4. സംവരണ വിഭാഗത്തിൽപ്പെടുന്നവർ ആയതിലേയ്ക്കുള്ള അസ്സൽ സർട്ടിഫിക്കറ്റ് പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.
5. ജനനതീയതി, വിദ്യാഭ്യാസ യോഗ്യതകൾ അപേക്ഷ ഫോറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള എസ്.എസ്.എൽ.സി/പ്രീഡിഗ്രി/പ്ലസ്ടൂ മാർക്ക്/ഗ്രേഡ് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി (ഡൊമിസയിൻ) സർട്ടിഫിക്കറ്റ് ഇവയുടെ ശരിപകർപ്പുകൾ അപേക്ഷയോടൊന്നിച്ച് അയയ്ക്കാത്തപക്ഷം അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.
6. ഗ്രേസ് മാർക്കിനായുള്ള അധിക യോഗ്യതയായ പ്രീഡിഗ്രി, ബിരുദം,ബിരുദാനന്തര ബിരുദം, എൻ.സി.സി, ടൈപ്പിംഗ് സ്പീഡ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് തുടങ്ങിയവയുടെ ശരിപകർപ്പുകൾ അപേക്ഷയോടൊപ്പം അയയ്ക്കാത്തപക്ഷം അർഹമായ ഗ്രേസ് മാർക്ക് ലഭിക്കുന്നതല്ല.

7. നോൺ മെട്രിക് ട്രേഡിന് അപേക്ഷിക്കുന്നവർ ഏറ്റവും ഒടുവിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ലഭിച്ച മാർക്ക്/ഗ്രേഡ് ചേർക്കേണ്ടതാണ്.
8. ഓരോ ഐ.ടി.ഐയിലേയ്ക്കും പ്രവേശനം പ്രത്യേകം പ്രത്യേകമായാണ് നടത്തുന്നത്. ആകയാൽ ഒരാൾക്ക് ഒന്നിൽ കൂടുതൽ ഐ.ടി.ഐകളിൽ പ്രവേശനത്തിന് അപേക്ഷിക്കാവുന്നതാണ്.
9. അപേക്ഷകന്റെയും രക്ഷകർത്താവിന്റെയും ഒപ്പില്ലാത്ത അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.
10. അപേക്ഷ പൂരിപ്പിക്കുമ്പോഴുണ്ടാകുന്ന വെട്ടി തിരുത്തലുകൾ അപേക്ഷകൻ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.
11. ഓരോ ഐ.ടി.ഐകളിലും പ്രവേശനം നൽകുന്ന ട്രേഡുകൾ അഫിലിയേഷൻ എന്നിവ സംബന്ധിച്ച പൂർണ്ണ വിവരം അതാത് പ്രിൻസിപ്പാൾമാരിൽ നിന്നും അറിയാവുന്നതാണ്.

**ഒപ്പ്**

**സെക്രട്ടറി, എസ്.സി.വി.റ്റി**

## അനുബന്ധം-1

## ക്രാഫ്റ്റ്സ്മാൻ പരിശീലന പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ 2013 ആഗസ്റ്റ് സെഷനിൽ നടത്തുന്ന എസ്സ്.സി.വി.റ്റി. അംഗീകാരമുള്ള ട്രേഡുകളുടെ (പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതി പ്രകാരമുള്ളത്)വിവരം

(എ.) നോൺ മെട്രിക് ട്രേഡുകൾ (എഞ്ചിനീയറിങ്)

| നമ്പർ | ട്രേഡിന്റെ പേര് | കോഴ്സിന്റെ കാലാവധി | നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 1 | വെൽഡർ | 1 വർഷം | എസ്.എസ്.എൽ.സി. തോറ്റവർക്കും, ജയിച്ചവർക്കും/10+2 സിസ്റ്റത്തിൽ 10 പാസ്സായവർക്കും തോറ്റവർക്കും |
| 2 | പ്ലംബർ | 1 വർഷം | ‘‘ |
| 3 | കാർപ്പെന്റർ | 1 വർഷം | ‘‘ |

(ബി) നോൺ മെട്രിക് ട്രേഡുകൾ ( നോൺ എഞ്ചിനീയറിങ്)

| നമ്പർ | ട്രേഡിന്റെ പേര് | കോഴ്സിന്റെ കാലാവധി | നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യത |
|---|---|---|---|
| 4 | എംബ്രോയിഡറി & നീഡിൽ വർക്ക് | 1 വർഷം | എസ്.എസ്.എൽ.സി. തോറ്റവർക്കും, ജയിച്ചവർക്കും/10+2 സിസ്റ്റത്തിൽ 10 പാസ്സായവർക്കും തോറ്റവർക്കും |

(സി) മെട്രിക് ട്രേഡുകൾ (എഞ്ചിനീയറിംങ്)

| | | | |
|---|---|---|---|
| 5 | സർവ്വേയർ | 2 വർഷം | 10+2 സിസ്റ്റത്തിൽ 10 ജയിച്ചവർക്കും എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യതയുള്ളവർക്കും |
| 6 | ഇന്റീരിയർ ഡെക്കറേഷൻ & ഡിസൈനിംഗ് | 1 വർഷം | ‘‘ |
| 7 | ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ് | 1 വർഷം | ‘‘ |
| 8 | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 2 വർഷം | ‘‘ |
| 9 | ഇലക്ട്രീഷ്യൻ. | 2 വർഷം | ‘‘ |
| 10 | മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ | 2 വർഷം | ‘‘ |
| 11 | മെക്കാനിക് (റഫ്രിജറേഷൻ&എയർ കണ്ടീഷണർ) | 2 വർഷം | ‘‘ |
| 12 | ഫിറ്റർ | 2 വർഷം | ‘‘ |

| | | | |
|---|---|---|---|
| 13 | മെക്കാനിക് കമ്പ്യൂട്ടർ ഹാർഡ്‌വെയർ | 2 വർഷം | 10+2 സിസ്റ്റത്തിൽ 10 ജയിച്ചവർക്കും എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യതയുള്ളവർക്കും |
| 14 | ഇൻഫർമേഷൻ ടെക്നോളജി & ഇലക്ട്രോണിക്സ് സിസ്റ്റംസ് മെയിന്റനൻസ്( ഐ.ടി &ഇ.എസ്സ്.എം) | 2 വർഷം | ‘‘ |
| 15 | മെക്കാനിക് കം ഓപ്പറേറ്റർ ഇലക്ട്രോണിക് കമ്മ്യൂണിക്കേഷൻ സിസ്റ്റംസ് | 2 വർഷം | ‘‘ |
| 16 | അറ്റൻഡന്റ് ഓപ്പറേറ്റർ (കെമിക്കൽ പ്ലാന്റ്) | 2 വർഷം | ‘‘ |
| 17 | ലബോറട്ടറി അസിസ്റ്റന്റ്(കെമിക്കൽ പ്ലാന്റ്) | 2 വർഷം | ‘‘ |
| 18 | ഇൻസ്ട്രുമെന്റ് മെക്കാനിക്ക് (കെമിക്കൽ പ്ലാന്റ്) | 2 വർഷം | ‘‘ |
| 19 | മെയിന്റനൻസ് മെക്കാനിക് (കെമിക്കൽ പ്ലാന്റ്) | 2 വർഷം | ‘‘ |

(ഡി) മെട്രിക് ട്രേഡുകൾ(നോൺ എഞ്ചിനീയറിംഗ്)

| | | | |
|---|---|---|---|
| 20 | സ്റ്റിവാർഡ് | 1 വർഷം | 10+2 സിസ്റ്റത്തിൽ 10 ജയിച്ചവർക്കും എസ്.എസ്.എൽ.സി/തത്തുല്യ യോഗ്യതയുള്ളവർക്കും |
| 21 | ക്രാഫ്റ്റ്സ്മാൻ ഫുഡ്പ്രൊഡക്ഷൻ (വെജിറ്റേറിയൻ) | 1 വർഷം | ‘‘ |
| 22 | ക്രാഫ്റ്റ്സ്മാൻ ഫുഡ്പ്രൊഡക്ഷൻ (ജനറൽ) | 1 വർഷം | ‘‘ |
| 23 | ഡ്രസ് മേക്കിംഗ് | 1 വർഷം | ‘‘ |
| 24 | ഫാഷൻ ടെക്നോളജി | 1 വർഷം | ‘‘ |

- ക്രമനമ്പർ 1 മുതൽ 4 വരെയുള്ള ട്രേഡുകൾക്ക് നോൺ മെട്രിക് ട്രേഡിനുള്ള അപേക്ഷാഫോറം ഉപയോഗിക്കണം.
- ക്രമനമ്പർ 5 മുതൽ 24 വരെയുള്ള ട്രേഡുകൾക്ക് മെട്രിക് ട്രേഡിനുള്ള അപേക്ഷാഫാറം ഉപയോഗിക്കണം.

## അനുബന്ധം-2
## സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ 2013- ആഗസ്റ്റ് സെഷനിൽ പ്രവേശനം നൽകുന്ന എസ്സ്.സി.വി.റ്റി. അംഗീകാരമുള്ള ട്രേഡുകളും യൂണിറ്റുകളും (പൊതുസ്വകാര്യ പങ്കാളിത്ത പദ്ധതി പ്രകാരമുള്ളത്)

| ക്രമ നമ്പർ | ഐ.ടി.ഐകളുടെ പേരും, സ്ഥലവും, ജില്ലയും | ട്രേഡുകൾ | പ്രവേശനം നൽകുന്ന യൂണിറ്റ് |
|---|---|---|---|
| 1 | ബി.റ്റി.സി കൊല്ലം | **മെട്രിക് ട്രേഡുകൾ**<br>1.*അറ്റൻഡന്റ്ഓപ്പറേറ്റർ (കെമിക്കൽ പ്ലാന്റ്)* | 1 |
| | | 2.ലബോറട്ടറി അസിസ്റ്റന്റ്*(കെമിക്കൽ പ്ലാന്റ്)* | 1 |
| | | 3.ഇൻസ്ട്രുമെന്റ് മെക്കാനിക് *(കെമിക്കൽ പ്ലാന്റ്)* | 1 |
| | | 4.മെയിന്റനൻസ് മെക്കാനിക്(കെമിക്കൽ പ്ലാന്റ് ) | 1 |
| | | 5.ഫുഡ് പ്രൊഡക്ഷൻ (വെജിറ്റേറിയൻ) | 1 |
| | | 6.ഫുഡ് പ്രൊഡക്ഷൻ (ജനറൽ) | 1 |
| | | 7.സ്റ്റിവാർഡ് | 1 |
| 2 | ഐടിഐ ചാത്തന്നൂർ | **മെട്രിക് ട്രേഡുകൾ**<br>1.മെക്കാനിക് മോട്ടോർ വെഹിക്കിൾ | 1 |
| | | 2. സർവ്വേയർ | 1 |
| 3 | ഐ.ടി.ഐ (വനിത) ചെങ്ങന്നൂർ | ***മെട്രിക് ട്രേഡുകൾ***<br>1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2 സർവേയർ | 1 |
| | | 3. മെക്കാനിക്ക് കംപ്യൂട്ടർ ഹാർഡ്വെയർ | 1 |
| | | 4. ഡ്രസ് മേക്കിംഗ് | 2 |
| 4 | ഐ.ടി.ഐ (വനിത)കളമശ്ശേരി | ***മെട്രിക് ട്രേഡുകൾ***<br>*1. ഫാഷൻ ടെക്നോളജി* | 2 |
| | | 2. ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ് | 2 |
| | | 3. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| 5 | ഐ.ടി.ഐ.(വനിത) ചാലക്കുടി | ***മെട്രിക് ട്രേഡുകൾ***<br>1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | **1** |
| | | 2. ഫാഷൻ ടെക്നോളജി | **1** |
| | | 3. ഇന്റീരിയർ ഡെക്കറേഷൻ & ഡിസൈനിംഗ് | 1 |
| 6 | ഐ.ടി.ഐ (വനിത) മലമ്പുഴ | ***മെട്രിക് ട്രേഡുകൾ***<br>1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. ഫാഷൻ ടെക്നോളജി | 2 |
| | | 3. ഇൻഫർമേഷൻ ടെക്നോളജി & ഇലക്ട്രോണിക്ക് സിസ്റ്റം മെയിന്റനൻസ് ( ഐ.ടി &ഇ.എസ്സ്.എം) | 1 |
| 7 | ഐ.ടി.ഐ കുഴൽമന്ദം | **നോൺമെട്രിക് ട്രേഡ്**<br>1. വെൽഡർ | 2 |

| | | | |
|---|---|---|---|
| 8 | ഐ.ടി.ഐ അട്ടപ്പാടി | ***മെട്രിക് ട്രേഡുകൾ***<br>1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2. മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ | 1 |
| 9 | ഐ.ടി.ഐ അരീക്കോട് | ***മെട്രിക് ട്രേഡുകൾ*** | |
| | | 1. സർവ്വേയർ | 1 |
| | | 2.മെക്കാനിക് റഫ്രിജറേഷൻ &എയർ കണ്ടീഷണർ | 1 |
| | | **നോൺമെട്രിക്ക് ട്രേഡുകൾ** | |
| | | 1. പ്ലംബർ | 1 |
| | | 2. കാർപ്പെന്റർ | 2 |
| 10 | ഐ.ടി.ഐ.നിലമ്പൂർ | ***മെട്രിക് ട്രേഡുകൾ*** | |
| | | 1.ഡാഫ്റ്റ്സ്മാൻ സിവിൽ | 1 |
| | | 2.ഇലക്ട്രീഷ്യൻ | 1 |
| | | **നോൺമെട്രിക് ട്രേഡ്** | |
| | | 3.വെൽഡർ | 2 |
| 11 | ഐ.ടി.ഐ (വനിത) കോഴിക്കോട് | ***മെട്രിക് ട്രേഡ്***<br>1. ഇന്റീരിയർ ഡെക്കറേഷൻ & ഡിസൈനിംഗ് | 2 |
| 12 | ഐടിഐ (വനിത) കണ്ണൂർ | ***മെട്രിക് ട്രേഡുകൾ*** | |
| | | 1.മെക്കാനിക് കംപ്യൂട്ടർ ഹാർഡ്‌വെയർ | 1 |
| | | 2.മെക്കാനിക് കം ഓപ്പറേറ്റർ ഇല്കട്രോണിക് കമ്മ്യൂണിക്കേഷൻ സിസ്റ്റം | 1 |
| | | **നോൺമെട്രിക് ട്രേഡ്** | |
| | | 3.എംബ്രോയഡറി ആന്റ് നീഡിൽ വർക്ക് | 2 |
| 13 | ഐ.ടി.ഐ കയ്യൂർ | ***നോൺമെട്രിക് ട്രേഡ്*** | |
| | | 1.വെൽഡർ | 2 |

**(ഒപ്പ്)**
**സെക്രട്ടറി, എസ്സ്.സി.വി.റ്റി**